പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3075 **29-10-2026-ൽ മറുപടിയ്ക്ക്**

ഭൂമി തരം മാറ്റുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) ഭൂമി തരം മാറ്റുന്നതിനായുള്ള അസംഖ്യം അപേക്ഷകൾ തീർപ്പാക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുമോ, വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ടി പരിപാടിയിൽ മാത്രം 50000-ൽ അധികം അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. നിലവിലും തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതും, ആയതിന്റെ പുരോഗതി അവലോകനം ചെയ്ത് വരുന്നതുമാണ്.

(ബി) കല്ല്യാശ്ശേരി നിയോജകമണ്ഡല പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും ഭൂമി തരം മാറ്റുന്നതിനായി സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്; ടി അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കാനാവും എന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

മറുപടി: കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ 866 അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ